


കുഞ്ഞുങ്ങൾ വളർന്നുവരുമ്പോൾ മാതാപിതാക്കളും സമൂഹവും സൃഷ്ടിക്കുന്ന ആൺപെൺ വേർതിരിവ് ദൈവം അനുവദിച്ചു നൽകിയ സ്വാതന്ത്ര്യവും അവകാശവും സ്ത്രീക്ക് നിഷേധിക്കപ്പെടാൻ കാരണമാവുകയാണ്. പെൺകുഞ്ഞു പിറക്കുമ്പോൾ അഭിമാനിക്കുന്ന, ആണായി പിറന്നില്ലല്ലോ എന്ന് സങ്കടപ്പെടാത്ത ഒരു പുതുസമൂഹത്തിന്റെ പുനർജ്ജനിക്കായി കാഹളം മുഴക്കുകയാണീ ലേഖനം.

# പരുഷൻ ആവരുത് പുരുഷൻ

● നുസൈബ, ദുബൈ

സകല ചരാചരങ്ങളുടെയും അധിപനായ ദൈവം ലോകർക്കായി തന്റെ ദൂതനായ മുഹമ്മദ് നബിയിലൂടെ പൂർത്തിയാക്കിയ ഗ്രന്ഥമാണ് ഖുർആൻ. ഏതെങ്കിലും ഒരു വർഗത്തിനോ സമുദായത്തിനോ അതിന്റെ കുത്തകാവകാശമില്ല. അതെല്ലാ മനുഷ്യരേയും അഭിസംബോധന ചെയ്യുന്നു. ആൺപെൺ വ്യത്യാസമില്ലാതെ നല്ല പ്രവൃത്തി ചെയ്യുന്നവർക്ക് ദൈവത്തിങ്കൽ ശ്രേഷ്ഠ പ്രതിഫലമുണ്ടെന്ന് വ്യക്തമായി പറയുകയും ചെയ്യുന്നു. മനുഷ്യരായി പിറന്ന ആർക്കും ഖുർആൻ വായിക്കാനും അത് മനസ്സിലാക്കി ജീവിക്കാനും അവകാശമുണ്ട്. അറിവില്ലാത്തവരെയാണ് മറ്റുള്ളവർക്ക് ചൂഷണം ചെയ്യാൻ എളുപ്പം സാധിക്കുക. സ്ത്രീകൾ ഖുർആനിലേക്ക് ഒരു തിരിഞ്ഞുനോട്ടം നടത്തി, തങ്ങളുടെ സ്ഥാനം എത്രത്തോളം മഹത്തരമാണെന്ന് മനസ്സിലാക്കേണ്ടതുണ്ട്. ഖുർആൻ സ്ത്രീകൾക്ക് നൽകുന്ന ആദരവും പരിഗണനയും ഒറ്റ വായനയിൽ തന്നെ ബോധ്യപ്പെടുന്നതാണ്.

മറ്റേതൊരു സൃഷ്ടിയെയും പോലെ പെൺകുഞ്ഞിനും ജീവിക്കാൻ അവകാശമുണ്ടെന്നും അപമാനഭാരത്താൽ അവളെ ഇല്ലാതാക്കുന്നത് കഠിനശിക്ഷ ചോദിച്ചു വാങ്ങലാണെന്നും പഠിപ്പിച്ച ഖുർആനിനേക്കാൾ വലിയ സ്ത്രീപക്ഷ ചിന്ത മറ്റെവിടെയും കാണാനാകില്ല. വിശുദ്ധ ഖുർആനിലെ വാക്യങ്ങളുടെ സത്യസന്ധതയും നീതിയും എതിരാളികൾ പോലും അംഗീകരിക്കുന്ന സത്യമായിരിക്കെ സ്ത്രീ സ്വാതന്ത്ര്യം ഖുർആനിൽ എന്ന ചിന്ത തന്നെ അപ്രസക്തമാണ്.

പിറന്നത് പെണ്ണാണെന്നറിയുമ്പോൾ മുഖം ചുളിക്കുന്നത് നീചപ്രവൃത്തിയെന്നാണ് ഖുർആൻ വിശേഷിപ്പിച്ചത്. അതേ അവസ്ഥയാണിന്ന് ബഹുഭൂരിപക്ഷത്തിന്റെയും മുഖത്ത്. കുട്ടി പെണ്ണാണെന്നറിയുമ്പോൾ സ്ത്രീകൾ അടക്കമുള്ള സമൂഹത്തിന്റെ മുഖം ചുളിയുന്നു. ഇന്നത്തെ കാലത്ത് ആണായാലും പെണ്ണായാലും ഒരു പോലെ തന്നെ എന്ന നിരാശ കലർന്ന വാക്കുകൾ കേൾക്കാത്ത അധികം അമ്മമാർ ഉണ്ടാവില്ല. ഖുർആനിനെ പിൻപറ്റുന്നവർ എന്ന് ഘോരഘോരം പ്രസംഗിക്കുന്നവർ പോലും ആദ്യത്തേത് ആൺകുഞ്ഞ് ആയാൽ മതി എന്ന് പറയുന്നത് എത്രയോ കേട്ടിരിക്കുന്നു. ഒരു പെൺകുഞ്ഞിന്റെ അമ്മയായപ്പോൾ 'പെൺകുഞ്ഞിനെ പ്രസവിച്ച നീ ഭാഗ്യവതി' എന്നാരും എന്നോട് പറഞ്ഞിട്ടില്ല. 'ആദ്യത്തേത് ആണായിരുന്നെങ്കിൽ നന്നായേനെ' എന്ന പരിഭവം ഒരുപാട് കേൾക്കേണ്ടിയും വന്നു. പിറന്ന അന്നുമുതൽ പെൺകുഞ്ഞ് ഭാരവും ആൺകുഞ്ഞ് നിലക്കാത്ത സന്തോഷവും തരുമെന്ന ചിന്തയുള്ള നമ്മുടെ സമൂഹത്തിന്റെ സംസ്കാര ശൂന്യത പണ്ട് പെണ്ണിനെ ജീവനോടെ കുഴിച്ചുമൂടിയിരുന്നവരേക്കാൾ ഒരുപടി മുന്നിലാണ്. നമ്മുടെ മനസ്സിന്റെ ഈ കാപട്യം ദൈവത്തിൽ നിന്ന് മറക്കാമെന്ന വ്യാമോഹം എത്ര വിഢ്ഢിത്തമാണ്.

കുശുമ്പ് കാണിക്കുന്ന പെണ്ണിനോട് പെണ്ണായ നീ ഇങ്ങനെയൊന്നും ചെയ്യല്ലേ എന്ന താക്കീത് കൊടുക്കുമ്പോൾ അതേ കുറുമ്പ് കാണി

ക്കുന്ന ആൺകുഞ്ഞിനോടുള്ള നമ്മുടെ സമീപനം എന്താണ്? ആണായാൽ അങ്ങനെ നിയന്ത്രിക്കാൻ പറ്റുമോ എന്നല്ലേ? കുഞ്ഞുനാൾ മുതൽ സമൂഹം കുത്തിനിറക്കുന്ന നിയന്ത്രണവും അപമാനവുമാണ് തനിക്കും പിറക്കുന്നത് ആണായാൽ മതി എന്ന ദുഷ്ട ചിന്തയിലേക്ക് പെണ്ണിനെ നയിക്കുന്നത്. വളർന്നു വരുന്ന നമ്മുടെ മക്കളുടെ മനസ്സിനെ നന്നാക്കി എടുക്കാൻ നമുക്കായില്ലെങ്കിൽ ഇനി പിറക്കാനിരിക്കുന്ന പെൺവർഗവും സ്വാതന്ത്ര്യം, സമത്വം എന്നൊക്കെ തന്നെ പറഞ്ഞുകൊണ്ടേയിരിക്കും. ഭൂമിയിൽ വേറൊന്നും ചെയ്യാനില്ലാത്ത, വെറുതെ പരിഭവിച്ചുനിൽക്കുന്നവരുടെ കൂട്ടമായി സ്ത്രീകൾ മാറുകയും ചെയ്യും.

നേതൃസ്ഥാനം പുരുഷനാണ് എന്ന ദൈവിക നിയമം അംഗീകരിക്കുന്നതോടൊപ്പം തന്നെ അതൊരിക്കലും ഭൂമിയിൽ ദൈവം ചമയാനുള്ള ലൈസൻസ് അല്ല എന്ന് പുരുഷനും സ്ത്രീയും മനസ്സിലാക്കണം. യഥാർത്ഥത്തിൽ പുരുഷന് അതൊരു ഭാരിച്ച ഉത്തരവാദിത്വമാണ്. ദൈവം അതുവഴി തന്റെ സ്ത്രീ പ്രജകളെ സംരക്ഷിക്കുകയായിരുന്നു. ദൈവം അധികാരം നൽകുകയും അത് നേരാംവണ്ണം വിനിയോഗിക്കാതിരിക്കുകയും ചെയ്താലുള്ള ശിക്ഷയെന്തെന്ന് ഖുർആനിൽ പറഞ്ഞിട്ടുണ്ട്. പെണ്ണായതുകൊണ്ട് മിണ്ടാൻ പാടില്ല, മാന്യമായി ജീവിക്കാനുള്ള ജോലി ചെയ്യാൻ പാടില്ല എന്നൊക്കെ പറഞ്ഞ് ദൈവം അവൾക്ക് നൽകിയ അനുഗ്രഹങ്ങളെയും അവകാശങ്ങളെയും നിഷേധിക്കുമ്പോൾ അതിനുള്ള മറുപടി താൻ ഒരിക്കൽ പറയേണ്ടിവരുമെന്ന സത്യം പുരുഷസമൂഹം മറന്നേ പോകുന്നു.

മനുഷ്യന് ദൈവത്തിന്റെ അധികാരം നടപ്പിലാക്കാനുള്ള അവകാശമേയുള്ളൂ. അത് പൊളിച്ചെഴുതാനുള്ള അവകാശമില്ല. അനുഗ്രഹങ്ങൾ ലഭിച്ചവൻ കഷ്ടപ്പാടുള്ളവനെ സഹായിക്കണമെന്നും ദൈവത്തോട് നന്ദി കാണിക്കണമെന്നും ഖുർആൻ പഠിപ്പിക്കുന്നു. കഷ്ടപ്പാട് വരുന്നത് സ്ത്രീക്കാണെങ്കിൽ ആർക്കും മനസ്സിലാക്കാൻ പറ്റാത്ത നിയമത്തിന്റെ നൂലാമാലകൾ നിരത്തി അവളെ വീണ്ടും അപമാനത്തിലേക്കും ദുരിതത്തിലേക്കും തള്ളിയിടുന്നതാണോ മനുഷ്യ(പുരുഷ) ധർമം? ദൈവം പിന്നെ എന്തിനാണ് സമൂഹത്തിന്റെ നേതാവായി പുരുഷനെ ഇങ്ങോട്ടയച്ചത്? നിങ്ങൾക്ക് അവകാശങ്ങൾ ഉണ്ട്. പക്ഷേ, അതൊന്നും അങ്ങനെയങ്ങ് തരാൻ പറ്റില്ല, ഇനി അഥവാ വേണമെങ്കിൽ മുദ്രാവാക്യം വിളിച്ചും കൊടിപിടിച്ചും കരഞ്ഞുവിളിച്ചുമൊക്കെ വാങ്ങാൻ നോക്ക് എന്ന പുരുഷന്റെ വാദം നീതിയാണോ? പുരുഷനെ ഇങ്ങനെ പരുഷൻ ആവാനാണോ ദൈവം സൃഷ്ടിച്ചത്?

ഞാൻ ഒരു പെണ്ണായി പിറന്നത് എന്റെ നന്മയോ തിന്മയോ കാരണമല്ല. അത് ദൈവത്തിന്റെ വിധിയായിരുന്നു. പെണ്ണായതിന്റെ പേരിൽ ഞാൻ അനുഭവിക്കേണ്ടി വന്നിട്ടുള്ള മാനസികപീഡനങ്ങൾ വിവരിക്കാൻ ഈ കുറിപ്പ് മതിയാകില്ല, ഏറ്റവുമൊടുവിൽ, മതിയായ സുരക്ഷയിൽ മാന്യമായൊരു ജോലിയെടുത്ത് ജീവിക്കാനുള്ള എന്റെ തീരുമാനത്തെ ആക്ഷേപിച്ചും പരിഹസിച്ചും കഴിവിന്റെ പരമാവധി എതിർത്തവരോടും ഞാനൊന്നേ ചോദിച്ചുള്ളൂ, 'എന്നെ പെണ്ണായി സൃഷ്ടിച്ച ദൈവത്തെയാണോ അതോ ദൈവം എനിക്ക് അനുവദിച്ചു തന്ന അവകാശങ്ങളെയാണോ നിങ്ങൾ വെല്ലുവിളിക്കുന്നത്?'

ഞാനൊരു പുരുഷവിരോധിയല്ല. പെൺമക്കൾ ഉണ്ടായതിന്റെ പേരിൽ അഭിമാനിക്കുകയും ഒരുപാട് സന്തോഷിക്കുകയും ചെയ്തിരുന്ന ഒരു നല്ല മനസ്സിന്റെ ഉടമയായിരുന്നു എന്റെ ഉപ്പ. ഞാനെന്റെ ഉപ്പയെ ഒരുപാട് സ്നേഹിക്കുന്നു. പിന്നെങ്ങനെ എനിക്ക് പുരുഷ സമൂഹത്തോട് വിരോധം വെച്ചുപുലർത്താനാകും?

മാതൃത്വം, കുടുംബം ഇതൊക്കെ തന്നെയാണ് സ്ത്രീയെ മഹനീയ പദവിയിലേക്ക് ഉയർത്തുന്നത്. പുരുഷൻ സ്ത്രീയെ ആദരവോടെ സംരക്ഷിക്കേണ്ടവനാണെന്നും തനിക്ക് കിട്ടിയ ഉത്തരവാദിത്വങ്ങൾ ദുരുപയോഗം ചെയ്യാതെ ജീവിക്കേണ്ടവനാണെന്നും നമ്മുടെ ആൺമക്കളെ പഠിപ്പിക്കാൻ സ്ത്രീസമൂഹത്തിനേ കഴിയൂ. ഏറ്റവും ചുരുങ്ങിയത്, 'എനിക്കൊരു പെൺകുഞ്ഞു പിറന്നു' എന്ന് അഭിമാനത്തോടെ പറയാനുള്ള മനസ്സെങ്കിലും ഉള്ള ആണിന്റെയും ഞാനൊരു ആണായി പിറന്നില്ലല്ലോ എന്ന് സങ്കടപ്പെടാത്ത പെണ്ണിന്റെയും മാതാവാണ് താനെന്ന അഭിമാനബോധം ഓരോ സ്ത്രീയിലും നിറയണം.